* മിസ്റ്റർ കെ. എസ്സ്. പണിക്കർ.— സർ, പൊതുജനാരോഗ്യവകുപ്പും പഞ്ചായത്തുവകുപ്പും സംഘടിപ്പിച്ചു് ഒരു വകുപ്പധ്യക്ഷന്റെ കീഴിലാക്കി നടത്തുന്ന ഒരു കാര്യത്തിൽ ഉദ്ദേശം പത്തിരുപതു പ്രാവശ്യം പങ്കെടുക്കേണ്ടിവരാറുള്ളതുകൊണ്ടു് ഈ വിഷയത്തിന്റെ പ്രാധാന്യവും ഈ വിഷയത്തിലുള്ള പൊതുജനങ്ങളുടെ അഭിപ്രായങ്ങളും എന്താണെന്നുള്ളതു സൂക്ഷ്മമായി ഗവൺമെണ്ടിനും ഈ നിയമസഭയ്ക്കും മനസ്സിലാക്കാവുന്നതാണു്. പഞ്ചായത്തിന്റെ അനുഭവങ്ങളെക്കുറിച്ചും അതിന്റെ പൂർവ്വചരിത്രത്തെക്കുറിച്ചും ബഹുമാന്യന്മാരായ ചില മെമ്പർമാർ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. പഞ്ചായത്തും കൃഷി ഡിപ്പാർട്ടുമെൻറും തമ്മിൽ യോജിപ്പിച്ചു ഭരിച്ചിരുന്ന അവസരത്തിൽ അവതമ്മിൽ വേർതിരിക്കുവാനുണ്ടായ കാരണങ്ങളെ സംബന്ധിച്ചും അതിനെപ്പറ്റിയുള്ള പ്രൊസീഡിംഗ് സിനെക്കുറിച്ചും ബഹുമാന്യനായ പഴയന്നൂർ മെമ്പർ ഗവൺമെണ്ടിന്റേയും ഈ നിയമസഭയുടേയും ദൃഷ്ടിയിൽ കൊണ്ടുവരികയുണ്ടായി. ആ പ്രൊസീഡിംഗ്സു നോക്കിയാൽ കൃഷിയെ അഭിവൃദ്ധിപ്പെടുത്തുവാൻ പഞ്ചായത്തും കൂടി ഉണ്ടായാൽ തീരെ അസാദ്ധ്യമായിരിക്കുമെന്നു ബോദ്ധ്യപ്പെട്ടതുകൊണ്ടാണു് ഇതു രണ്ടും വേർതിരിച്ചിട്ടുള്ളതെന്നു കാണാം. അല്ലാതെ പഞ്ചായത്തിന്റെ അഭിവൃദ്ധിക്കു വേണ്ടിയാണു വേർതിരിച്ചതു് എന്നു പറഞ്ഞ ഭാഗത്തോടു ഞാൻ യോജിക്കുന്നില്ല. പഞ്ചായത്തിന്റെ ഫംഗ്ഷനും പൊതുജനാരോഗ്യവകുപ്പിന്റെ ഫംഗ്ഷനും ഒരുവിധത്തിൽ ബന്ധപ്പെട്ടുകിടക്കുന്നുണ്ടെന്നു് പല മാന്യന്മാരുടേയും പ്രസംഗങ്ങളിൽനിന്നു വെളിപ്പെട്ടുകഴിഞ്ഞിട്ടുള്ളതാണു്. ആ നിലയ്ക്കു ഈ രണ്ടു ഡിപ്പാർട്ടുമെൻറുകളും തമ്മിൽ വിഭജിക്കണോ കൂട്ടിച്ചേർക്കണോ എന്നുള്ളതിനെപ്പറ്റി ഇത്രത്തോളം വിഷമമായിട്ടൊന്നും സംസാരിക്കേണ്ട ആവശ്യമില്ല. ഇതുവരെ യോജിപ്പിച്ചു ഭരിച്ചുവന്നതുകൊണ്ടുതന്നെ പല അഭിവൃദ്ധിയും ഉണ്ടായിട്ടുണ്ടു്.

ഈ വകുപ്പിലേയ്ക്കു് ഒരു ഉപദേശകക്കമ്മിറ്റിയുണ്ടു്. ആ ഉപദേശകക്കമ്മിറ്റിയിൽനിന്നും പല നിർദ്ദേശങ്ങളും കൊണ്ടുവരികയും അതു ഗവൺമെണ്ടു സഭയെ സ്പീകരിച്ചു നടപ്പിൽ വരുത്തുകയും ചെയ്യുന്നുണ്ടു്. ഇതിനും പുറമെ ഒരു മിനിസ്റ്ററെ വെയ്ക്കുവാൻ ഒരു ഉപക്ഷേപം ഇവിടെ കൊണ്ടുവരികയും അതു പാസാക്കുകയും ചെയ്തിട്ടുണ്ടു്. ആ സന്ദർഭത്തിലും ഗവൺമെണ്ടു് ഒരു അനുകൂലമായ മറുപടിയാണു പറഞ്ഞിട്ടുള്ളതു്. അങ്ങനെ ഇരിക്കുമ്പോൾ ഇവ രണ്ടും വേർതിരിച്ചുകൊണ്ടുപോകണമെന്നുള്ള അഭിപ്രായം തീരെ അസ്ഥാനത്തിലാണെന്നാണു് എനിക്കു തോന്നുന്നതു്. പൊതുജനങ്ങൾക്കു സ്വയംഭരണപരിശീലനം നൽകുന്ന ഒരു സ്ഥാപനമാണു് പഞ്ചായത്തെന്നുള്ളതു് ഏവർക്കും സമ്മതിക്കാതെ തരമില്ല. എന്നാൽ ഇവ രണ്ടുംകൂടി യോജിപ്പിക്കുന്നതുകൊണ്ടു പൊതുജനങ്ങളുടെ സ്വയംഭരണ പരിശീലനത്തിനു

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ള്ള പ്രതിബന്ധങ്ങൾ എന്താണെന്നുള്ളതു് ഇവിടെ ഒരാളും വെളിപ്പെട്ടത്തീട്ടില്ല.

റൂറൽ സാനിട്ടേഷൻ, മൈനർ ഇറിഗേഷൻ ഈവക സംഗതികളാണു പഞ്ചായത്തിൽ സാധാരണയായി നടത്തിവരുന്നതു്. ഇവ പൊതുജനാരോഗ്യവകുപ്പിൽപ്പെട്ട ഇനങ്ങൾതന്നെയാണു്. എന്നാൽ ഇവ രണ്ടുംകൂടി ചേർത്തു ഭരണം നടത്തുവാൻ ഒരു വകുപ്പദ്ധ്യക്ഷനു സമയമില്ലാതെ വരുന്നുവെന്നു കേൾക്കുകയുണ്ടായി. ആ അഭിപ്രായത്തോടുകൂടി യോജിക്കുവാൻ ഞാൻ യാതൊരു ന്യായവും കാണുന്നില്ല. ഒരു പബ്ലിക്ഹെൽത്തു ഡയറക്ടർ ഉണ്ടെങ്കിൽ അദ്ദേഹത്തെ സഹായിക്കുവാൻ അദ്ദേഹത്തിന്റെ കീഴിൽ വേറെ ഒരു വകുപ്പും അതിന്റെ മേലദ്ധ്യക്ഷനും ഉണ്ടാകും. കൃഷി ഡിപ്പാർട്ടുമെണ്ടിൽനിന്നു പഞ്ചായത്തിനെ ഭരിച്ചിരുന്നകാലത്തു പഞ്ചായത്തിനു സ്പെഷ്യലായ ഒരു സ്റ്റാഫ് ഉണ്ടായിരുന്നു. വകുപ്പദ്ധ്യക്ഷൻ് അതിന്റെയെല്ലാം മേൽനോട്ടം നടത്തിക്കൊണ്ടുപോകേണ്ട ചുമതല മാത്രമേ ഉണ്ടായിരുന്നുള്ളൂ. കൃഷി ഡിപ്പാർട്ടുമെന്റിനോടുകൂടി പഞ്ചായത്തിനെ സംഘടിപ്പിച്ചിരുന്ന കാലത്തു വകുപ്പദ്ധ്യക്ഷൻ പഞ്ചായത്തിൽ എത്രപ്രാവശ്യം വിസിറ്റു ചെയ്തിരുന്നു എന്ന സംഗതി ആലോചിച്ചാൽ വളരെ ചുരുക്കമായിട്ടുമാത്രമേ കാണുന്നുള്ളൂ. എന്നാൽ പഞ്ചായത്തു ഭരണത്തെസംബന്ധിച്ചു വല്ല സ്ഖലിതങ്ങളും ഉണ്ടെങ്കിൽ അതു നീക്കുന്നതിനായിട്ടു ഇപ്പോഴത്തെ വകുപ്പദ്ധ്യക്ഷൻ രണ്ടോ മൂന്നോ പ്രാവശ്യമെങ്കിലും വിസിറ്റു ചെയ്തിട്ടുണ്ടെന്നു അതു റിക്കാർട്ടു നോക്കിയാൽ കാണാം.

പഞ്ചായത്തു കാൺഫറൻസിനെക്കുറിച്ചാണു് ഇനി എനിക്കു പറയുവാനുള്ളതു്. ഇവിടെ ആദ്യമായി തൊണ്ണൂറ്റി എട്ടിലോ തൊണ്ണൂറ്റിഒൻപതിലോ സർ സി. പി. രാജഗോപാലാചാരിയുടെ അദ്ധ്യക്ഷതയിലാണു കാൺഫറൻസു നടന്നതു്. ഇപ്പോൾ കഴിഞ്ഞതു രണ്ടാമത്തെ കാൺഫറൻസാണു്. ആ കാൺഫറൻസിൽ പാസ്സാക്കിയ സംഗതികളെപ്പറ്റി പഞ്ചായത്തിൽനിന്നും മറ്റൊരുവിധത്തിൽ റസല്യൂഷൻ പാസ്സാക്കി അയച്ചിട്ടുള്ളതിൽ എന്തോ ഒളിഞ്ഞുകിടപ്പുണ്ടെന്നു് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എന്നാൽ ചില പഞ്ചായത്തുകളിൽനിന്നു് അജണ്ടയിൽ പറഞ്ഞിട്ടുള്ള സംഗതികൾക്കു ചില നിർദ്ദേശങ്ങൾ പ്രതിനിധികൾ കൊടുത്തിട്ടുള്ളതായി എനിക്കറിയാം. അവരുടെ നിർദ്ദേശങ്ങൾക്കു വിപരീതമായി പഞ്ചായത്തു മെമ്പർമാർ കാൺഫറൻസിൽ പോയി പ്രവൃത്തിക്കുകയാൽ ചില പഞ്ചായത്തുകളെല്ലാം വളരെ ക്ഷോഭിക്കുകയും, വീണ്ടും അതിനെ സംബന്ധിച്ചു തീർപ്പുചെയ്തു അവർ ഗവൺമെണ്ടിനെ അറിയിക്കുകയുമാണു് ഉണ്ടായിട്ടുള്ളതു്. ഇങ്ങനെയാണു് പഞ്ചായത്തിന്റെ ഒരു തീർപ്പു വന്നിട്ടുള്ളതെന്നാണു് എന്റെ അറിവു്. കാൺഫറൻസിൽ പ്രതിനിധികളെ അയച്ചപ്പോൾ അവർക്കു കൊടുത്ത നിർദ്ദേശങ്ങൾ പഞ്ചായത്തിൽനിന്നും കൊടുത്തതിനു വിപരീതമായി. . . . . .

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.— ഏതു പഞ്ചായത്താണ്?

മിസ്റ്റർ കെ. എസ്സ്. പണിക്കർ.— ചാഴൂർ പഞ്ചായത്ത്.

മിസ്റ്റർ എം. ശിവരാമമേനോൻ.— ആരുടെ കാൻവാസിംഗ് ആണ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ.— ഒരു കാൻവാസിംഗും ഇല്ല. പഞ്ചായത്തു ഡെലിഗേറ്റ് സിനു വിപരീതമായി തിരഞ്ഞെടുത്തയച്ച മെമ്പർമാർ പ്രവൃത്തിച്ചു എന്നുള്ളതനുസരിച്ചു രണ്ടാമതും യോഗംകൂടി. അതാണു് ഞാൻ ഗവമ്മെണ്ടിനെ ഉണർത്തിക്കുന്നതു്. അതു് മറ്റാരുടേയും പ്രേരണപ്രകാരം അല്ലെന്നാണു ഞാൻ ഉദ്ദേശിക്കുന്നതു്. ഈ രണ്ടു ഡിപ്പാർട്ടുമെൻറിന്റേയും ഭരണം യോജിപ്പിച്ചു് ഒരു വകുപ്പദ്ധ്യക്ഷന്റെ കീഴിൽ നടത്തണമെന്നുള്ളതു് ഈ നിയമസഭ അംഗീകരിക്കണമെന്നാണു് ഉപക്ഷേപത്തിൽ ആവശ്യപ്പെട്ടതു്. ഈ രണ്ടു ഡിപ്പാർട്ടുമെൻറിലേയും ഫംഗ്ഷൻസ് ഒന്നായതുകൊണ്ടു വലിയ ചിലവൊന്നും ഉണ്ടാകാനിടയില്ല. എല്ലായ്പോഴും ചിലവു ചുരുക്കണമെന്നു പറയുമ്പോൾ ഈ ഇനത്തിലും അങ്ങനെതന്നെ ചെയ്യണമെന്നാണു് എനിക്കു ഗവമ്മെണ്ടിനെ ധരിപ്പിക്കുവാനുള്ളതു്.

ഞാൻ എന്റെ ബഡ്ജറ്റു സ്പീച്ചിൽ പൊതുജനാരോഗ്യവകുപ്പും പഞ്ചായത്തുവകുപ്പും ക്രൂടി സംഘടിപ്പിക്കുകയും, രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറും അഞ്ചൽ ഡിപ്പാർട്ടുമെൻറും ക്രൂടി സംഘടിപ്പിക്കുകയും ചെയ്യണമെന്നു് അഭിപ്രായപ്പെട്ടിട്ടുണ്ടു്. അങ്ങനെ ചെയ്താൽ കുറെ ആളുകൾക്കു് ഉദ്യോഗം കൊടുക്കാൻ സാധിക്കാതെ വരുമായിരിയ്ക്കാം. ആ ഉദ്ദേശത്തിലല്ല ഇങ്ങനെ ഡിപ്പാർട്ടുമെൻറുകൾതമ്മിൽ സംഘടിപ്പിയ്ക്കണമെന്നു ഞാൻ ആവശ്യപ്പെട്ടിട്ടുള്ളതു്. കഴിയുന്നതും ചിലവു ചുരുക്കുവാൻ സാധിയ്ക്കുന്ന വഴികൾ ഗവമ്മെണ്ടു സ്വീകരിയ്ക്കണമെന്നാണു ഞാൻ പറയുന്നതു്. ആ വഴിയ്ക്കുള്ള പ്രവൃത്തികൾ നടത്തണമെന്നു പൊതുജനങ്ങൾ ഗവമ്മെണ്ടിനെ ഉപദേശിയ്ക്കേണ്ട കാലമാണിതു്. അതുകൊണ്ടു ഞാൻ എന്റെ സ്വൽശക്തികളും ഉപയോഗിച്ചു് ഈ ഉപക്ഷേപത്തെ അനുകൂലിയ്ക്കുന്നു.

* മിസ്റ്റർ കെ. എം. കുഞ്ഞുമൊയ്തീൻ.— സർ, ഈ കാര്യത്തിൽ ബഹുമാനപ്പെട്ട തെക്കെ ഈഴവമെമ്പരുടെ അഭിപ്രായത്തോടു ഞാൻ യോജിക്കുന്നു. നമ്മുടെ ഗവമ്മെണ്ടിന്റെ ഡിപ്പാർട്ടുമെൻറലായിട്ടുള്ള പ്രവർത്തനങ്ങളെക്കുറിച്ചു ആലോചിക്കുന്നപക്ഷം ഇപ്പോൾ നിലവിലുള്ള പല ഡിപ്പാർട്ടുമെൻറുകളും ഒന്നിച്ചു ചേർത്താൽ കാര്യക്ഷമതയും വിപുലാതംവരാത്ത നിലയിൽ ഭരണം നടത്തുവാനും ഭരണച്ചിലവു ചുരുക്കുവാനും സാധിക്കുമെന്നുള്ള അഭിപ്രായക്കാരനാണു ഞാൻ. (ഹിയർ, ഹിയർ) ആതിനു് ഒരു സൌകര്യം കിട്ടണമെന്നുള്ള പ്രതീക്ഷയോടുകൂടിമാ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ത്രമാണ ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട പല സാമാജികന്മാരും ഹെൽത്ത്, പഞ്ചായത്ത് ഡിപ്പാർട്ടുമെൻറുകൾ ഏകീകരിച്ചശേഷം പഞ്ചായത്തുസംബന്ധമായ ഭരണത്തിൽ പല ന്യൂനതകളും ഉണ്ടായിട്ടുണ്ടെന്നു പ്രസ്താവിക്കുകയുണ്ടായി. അങ്ങനെ ഉണ്ടായിട്ടുള്ള ന്യൂനതകളെ ശക്തിപൂർവ്വം നിരൂപണം ചെയ്യുകയും അതിനെ പ്രതിഷേധിക്കുകയും ചെയ്യേണ്ടതു് അത്യാവശ്യമാണു്. പഞ്ചായത്തു ഡിപ്പാർട്ടുമെൻറിനെ പബ്ലിക്കു ഹെൽത്തിൽനിന്നും വേർതിരിച്ചാൽ പഞ്ചായത്തു ഭരിക്കുവാൻ വരുന്ന ഡിപ്പാർട്ടുമെൻറു മേലദ്ധ്യക്ഷൻ പരിപൂർണ്ണനായിരിക്കുമെന്നു് എനിക്കു ബോദ്ധ്യമില്ല. അദ്ദേഹവും ഇങ്ങനെയുള്ള ദോഷങ്ങളും ന്യൂനതകളും ഉണ്ടാക്കിയേയ്ക്കാം. ഇപ്പോൾ ഉള്ള നിലയിൽതന്നെ ഈ രണ്ടു ഡിപ്പാർട്ടുമെൻറുകളുടേയും ഭരണം നടന്നുപോകത്തക്കവണ്ണം വല്ല ന്യൂനതകളും ദോഷങ്ങളും കാണുമ്പോൾ അവയെ നിരൂപണംചെയ്യു ശക്തിയായ ഭാഷയിൽ പ്രതിഷേധിച്ചു സൽപഥത്തിൽക്കൂടി നയിക്കാൻ ശ്രമിക്കുകയാണു് ഈ നിയമസഭയും ഗവൺമെണ്ടും ചെയ്യേണ്ടതു്. ഈ ഒരു സംഗതി ഇപ്പോഴത്തെ മേലദ്ധ്യക്ഷന്റെ കീഴിലും ചെയ്യുവാൻ സാധിക്കുമെന്നാണു് എന്റെ പ്രതീക്ഷ. വിശേഷിച്ചു പഞ്ചായത്തു ഡിപ്പാർട്ടുമെൻറു സംബന്ധമായി കൂടുതൽ അന്വേഷണങ്ങൾ നടത്തുവാൻ ഒരു എഞ്ചിനീയരും ആ ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ ഉണ്ടു്. ഒരു മേലദ്ധ്യക്ഷന്റെ കീഴിൽ ഈ രണ്ടു ഡിപ്പാർട്ടുമെൻറുകളും ഭരിക്കുവാൻ നിശ്ചയിച്ചാൽ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ആ എഞ്ചിനീയരുടെ സഹായത്തോടുകൂടി കൂടുതൽ കാര്യക്ഷമമായ നിലയിൽ ഭരണം നടത്തുവാൻ സാധിക്കുമെന്നാണു് എനിക്കു തോന്നുന്നതു്. ഈ വകുപ്പിനെ സംബന്ധിച്ചിടത്തോളം ഉള്ള ഭരണാധികാരം ഡയറക്ടരവർകൾ ഏറെറടുക്കുന്നപക്ഷം പഞ്ചായത്തിന്റെ സ്വയംഭരണനിലയ്ക്കു ദോഷം വരാതേയും കാര്യക്ഷമതയ്ക്കു ന്യൂനതക്കുടാതേയും ഭരിയ്ക്കുവാൻ സാധിയ്ക്കുന്നതാണു്. അതിലേയ്ക്കു് ഇവിടെ ചെയ്തിട്ടുള്ള നിരൂപണങ്ങളും നിർദ്ദേശങ്ങളും പഞ്ചായത്തു ഡയറക്ടർ അവർകൾ നല്ലപോലെ മനസ്സിലാക്കി ആ വക ദോഷങ്ങൾ മേലാൽ അദ്ദേഹത്തിന്റെ ഭരണത്തിൽ ഉണ്ടാകാതെ സൂക്ഷിയ്ക്കുമെന്നുള്ള പ്രതീക്ഷയോടുകൂടി ഈ ഉപക്ഷേപത്തെ ബഹുമാനപ്പെട്ട തെക്കെ ഈഴവമെമ്പർ അനുകൂലിച്ചതുപോലെ ഞാനും അനുകൂലിയ്ക്കുന്നു.

* **Mr. P. Kumaran Ezhuthassan.**—As one who had the misfortune to oppose a resolution for making the amalgamation permanent when it was tabled in the Panchayat conference, I am constrained to oppose the resolution here. Some remarks have been made regarding the resolution that was tabled in the conference and the way in which that was adopted and decided upon. 40 or 45 resolutions were prepared by the working

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

committee and sent to the various Panchayats for sending up amendments if they had any on any one of those resolutions. When the conference met and this resolution was urged, as was stated in this House by the Hon'ble Memberf or Palayannur who was the President of the conference, it was suggested by him that this question may well lie over since the Government had entered upon this amalgamation only as a temporary measure. But that was not seen to be the feeling of the House. The House said that the accredited representatives of the 87 Panchayats assembled there considered it their duty to pronounce an opinion upon such an important subject as the one which was before them. And in that view discussions were carried by them for and against amalgamation and the final verdict of that conference was that the amalgamation should not be made permanent.

Reference was made to some answers given by the Government in the Standing Finance Committee meeting to the effect that no resolution rejecting the separation of the Panchayats and Public Health had not been sent up to the Government. That is perfectly true. But it was upon the authorities of the conference to send up this resolution that was thrown out by an overwhelming majority of the conference, just for the purpose of informing the Government what the attitude of the conference was in that behalf. I do not know why information of such an important resolution that was thrown out by the responsible representatives was not placed before the Government. The present amalgamation is the second one that the Panchayat department has in its history. After the inauguration of the institution and working it under the Revenue department, for a couple of years it was separated. It worked for two years and then the first amalgamation with the Agricultural Department. Government had reasons for such amalgamation. The reasons are seen in the Government Proceedings. The Panchayats were placed under the Superintendent of Agriculture because it would facilitate the development of agriculture in the State, and because the Superintendent of Agriculture should enlist their hearty co-operation if the aim of the Agricultural Department were to end in a success. That was the reason that prevailed with the Government in amalgamating the Panchayat department with the Agricultural Department. That was about 1097. When the Panchayat department was working like that under the agricultural department, it was then that this Hon'ble House was inaugurated in 1100 and ever since its inauguration,

LIBRARY ARCHIVES Kerala Legislative Assembly

if one were to go through the proceedings of this council, one will see that there will be in every meeting of this Council something or other tabled before this House urging the separation of the Panchayat from the Agricultural Department. As a result of incessent requests in that behalf as also in others, a Committee was appointed by the Council consisting of non official members as also official members of this House consisting of 14 persons known as the Special Finance Committee. That Committee after laborious work extending over a period of 2½ years reported in unmistakable terms that the step taken by the Government in 1097 was a mistake; not only that the amalgamation with Agriculture was a mistake but that the Panchayats had developed to such an extent that it required the careful attention of a special separate independent head and therefore it recommended that the Panchayats be placed under a separate head. That report was followed by a special session of this House specially called for considering the recommendations of the Special Finance Committee. That meeting of the Council also endorsed the opinion of the Committee that the Panchayat Department be separated from Agriculture. But in passing orders upon the recommendations of the Committee as endorsed by this House Government for reasons stated in their order stated that it was not necessary then to separate the Panchayat from the Agricultural Department. It stated in the order that the efficient working of the Panchayat department could well be managed by strengthening the staff of the Panchayat department by giving two more inspectors and a remedy, curious as it was, was found by the then Government by raising the pay of the Head of the Department. The Superintendent of Agriculture and Panchayats then enjoying a salary of Rs. 250—300 was raised and put in the cadre of Rs. 450—500. That was one of the measures given in the order to see that the Panchayat Department works satisfactorily. A very curious position indeed! Not being satisfied with such orders on this question, orders were passed on this question in Meenom 1105. Soon after that, in one or two sittings of the Council that followed this pronouncement, cut motions were tabled on supplementary demands under agriculture urging the Government to separate the Panchayat from Agriculture. It fell to my lot in the month of Vrischigom 1106 when the Council was presided over by a changed person in the name of Mr. Herbert—presided over by that Diwan for the first time—to raise a cut motion urging the Government to separate the Panchayat from Agriculture. The change in the working of the mind was seen from the answer

LIBRARY ARCHIVES Kerala Legislative Assembly

given by the Hon'ble the Secretary to the Diwan when he said that this question is being considered by the Government, and that orders will be passed on the matter. That promise was immediately followed in a couple of months by the order of the Government separating Panchayats. It was thus that towards the close of 1106 that the Panchayat Department was separated. Any one who has cared to study the administration reports of the Panchayat Department since the year 1106—that year of the separation—inclusive of 1110 the latest report, will be struck with the amount of work and the nature of work turned out by this departmental head in the best interests of the people affected by the Panchayat administration. I am not going to read any extract from these reports. But any one who cares to study that would understand that a new orientation was given to the whole atmosphere of Panchayat life to the advantage of the people. Side by side with this fight on the side of the non-official members of this House for separating the Panchayat Department from Agriculture was also carried on another fight for separating the sanitary section from the medical section and the efforts of this House in that behalf, though it did not meet with success in the earlier days of the fight it succeeded towards the close of 1107 when the Government accepted the principle of the motion but pleaded want of finance to open a sanitary department separately. In their anxiety to help the people in the matter of their health soon after that acceptance of principle, when the Budget for 1108 was presented in 1107 Karkidagom, the Government announced their intention to open a new department called the Public Health Department. That shows the solicitude of the Government for the welfare and happiness of the people. We have seen the Public Health Department working for the years 1108, '09 and '10 as a separate department. Anyone who reads the administration report of that department for these years will be convinced that that department had been catering to the needs of the people to a very large extent. That is the position in which we find ourselves towards the close of 1110. We have got two departments—both social service departments—the Panchayat and Public Health Departments each working under a well qualified head and catering to the needs of the public in two ways. It was last year about this time that large expenditure was incurred by the Government for the reorganization of the Secretariat. The Government was finding out ways and means how to retrench expenditure and the idea that struck them for effecting retrenchment was the amalgamation of the Panchayat with the Public Health Department and for one

LIBRARY ARCHIVES Kerala Legislative Assembly

particular reason it is stated in the order of amalgamation that the major portion of the work of the Panchayats consists of works in connection with Sanitation and Conservancy and with the opening of the Public Health Department as a special department sanitary work of some panchayats had already been taken from the Panchayats and put under Public Health even prior to 1110. Therefore it was the opinion of the Government about this time last year as an experimental measure to see how the working of the department will cater to the needs of the people. They wanted to try the experiment and in express words it has been stated in the order that the working of the department will be watched and according to the results thereof not only the question of amalgamation of these two departments but also of other departments will be considered. That is the position in which the conference that met at Trichur nine months after the amalgamation found itself. The conference consisting of members duly elected by the various Panchayats under the instructions given by the departmental head to elect their own nominees—two in number—and any other persons interested in the matter of the conference also were allowed to come and take part in the deliberation of the conference with this proviso that he will not be paid his T. A. Such a conference met. I have placed before this House what that conference did. I have tabled some questions to the Government for utilising their answers for the purpose of this discussion. It is strange that the Government has not been able to give me the answers for those questions which could well be collected from the Public Health Department easily. The question was as to how the Panchayats felt the amalgamation, whether they were impressed favourably with the amalgamation or otherwise. I had asked the Government to supply me with information regarding the fact of resolutions one way or the other if any have been sent up to the departmental head prior to the conference. My information if it is correct is to this effect that no panchayat had moved in that line one way or the other. I am speaking subject to correction. I wanted to see whether the information gathered by me is correct and I presume that the information as matters now stand is correct. After this conference when making any insinuations in this direction it is strange that 62 or a large number of Panchayats out of 87 Panchayats existing in this Stage had sent up resolutions all favouring amalgamation and against separation. If these facts will speak for themselves there is no necessity for me to make comments. It is very happy to know

LIBRARY ARCHIVES Kerala Legislative Assembly

what be the decision of the conference, whatever be the decision of the Panchayats subsequent to that conference it is very happy to note that it is a matter which agitates the minds of non-official Members. Rightly have they sent up resolutions urging the amalgamation as also urging a separation. Perhaps the number on the latter side is much smaller than the number for amalgamation. That is all the difference. It is very happy to note that the non-official Members of this House do take a keen interest in matter concerning the welfare of the rural population It is a very very good sign indeed. The question before the Government is reading these resolutions reading the resolution of the conference though not communicated to the Government reading that and reading the subsequent resolutions and reading the large number of cuts tabled in this behalf, knowing the nature of the discussion that was carried on here, it is up to the Government to pass its own orders and see that the department does not suffer. My candid opinion is that the Public Health Department as it has shown us during the last three years of its independent existence before its amalgamation with the Panchayat Department has been doing excellent work and the various possibilities of the Public Health Department have not been tackled by the Government with the funds available for the department and more could be done with more funds and with whole hearted attention. It is a wrong step for the Government to tackle to the department any other department whatever the nature of the department be that the tackled on to the Public Health Department that department has sufficient and more to engage the attention of a full time officer, like the present head of the department. In the same strain do I say that the Panchayat Department by itself has been independently working for the last three or 4 years since 1106 has also shown that that also is a department sufficient for itself. Arguments have been raised ever since the Panchayat was separated and the powers of the Panchayats have been usurped. That is a statement that has been made in this House. Persons who know the working of the Panchayats cannot endorse that view. I happen to be one who knows the working of the panchayats and if the powers had been usurped during the four years of independent existence of the Panchayat Department, a change has not come in that direction ever since this amalgamation. I am not complaining there is no difference by the amalgamation. But I am not endorsing the views that the powers of the Panchayats have been usurped. During the independent existence of the Panchayat Department, various items of works which ought to be left in the hands of the Panchayats and to be not interferred with by

LIBRARY ARCHIVES Kerala Legislative Assembly

the Head of the Department whether he is a double faced officer or whatever it be it is not to usurp the functions of the Panchayat. (Hear, hear). The statement that the powers of the Panchayat department had been taken away by the independent separate Panchayat department is not a statement that can be borne out by facts. My submission to this House is that in as much as this department has sufficient work for them, some of the arguments raised are that it will give the Government some saving on an average of Rs. 175 for 12 months plus if there is a separate Panchayat Department the T. A. payable. As far as the other staff is concerned all that existed during the time of its separate existence of the Panchayats is allowed to continue, perhaps with an addition. There is no reduction in the staff. But is that a saving which merits a consideration. When we find that the two departments require separate and careful attention, when clubbed together naturally they stand to lose. That being the state of affairs it is absolutely necessary that the Government do apply their minds to these facts placed before the Government and consider the question of separation as a step in the right direction.

മിസ്റ്റർ വി. കെ. കുട്ടി.— സർ, ഈ വിഭജനത്തെ സംബന്ധിച്ച് ഇവിടെ നടന്നിട്ടുള്ള വാദപ്രതിവാദങ്ങളിൽ ഈ വകുപ്പ് ഇവിടെ ഇതേ നിലയിൽ ഇരിക്കുന്നതുകൊണ്ടുള്ള ഉപദ്രവം എന്താണെന്ന് ആരും തെളിയിച്ചിട്ടില്ലെന്നുള്ളതുതന്നെ എന്റെ ഈ ഉപക്ഷേപത്തിന്റെ സാധുത്വത്തെ വിശദമാക്കുന്നു. പഞ്ചായത്തു വിഭജിച്ച് ഒരു പ്രത്യേക വകുപ്പായി നിറുത്തുന്നതിനെ സംബന്ധിച്ച് ഇതിനു മുമ്പുള്ള ഫയലുകൾ എന്തെങ്കിലുമായിക്കൊള്ളട്ടെ, ആ പൂർവ്വചരിത്രങ്ങൾ ഒന്നും ഇപ്പോൾ ഇവിടെ എടുത്തു പാരായണം ചെയ്യേണ്ട ആവശ്യം നമുക്കില്ല. ഇപ്പോഴത്തെ കുട്ടിച്ചേർക്കൽകൊണ്ടു കാര്യനടത്തിപ്പിനോ, കാര്യക്ഷമതയ്ക്കോ വല്ല ഹാനിയും ഉണ്ടോ എന്നുള്ളതു മാത്രമാണു പ്രകൃതത്തിൽ ചിന്തനീയമായുള്ളതു്. ഈ കൌൺസിലിൽതന്നെ ചിലവു വർദ്ധിപ്പിക്കാൻ പാടില്ലെന്നും ഇങ്ങിനെ കൊല്ലംതോറും ഡിപ്പാർട്ടുമെണ്ടുകൾ വർദ്ധിപ്പിച്ചു ചിലവു് അധികമാക്കിയാൽ കൊച്ചിയുടെ സാമ്പത്തിക നിലയ്ക്കു ഈ അധികച്ചിലവുകൾ തടഞ്ഞാൽ സാധിക്കുന്നതല്ലെന്നും അതുകൊണ്ടു് ആ വിഷയത്തിൽ ഗവമ്മെണ്ടു പ്രത്യേകം ശ്രദ്ധവെക്കേണ്ടതാണെന്നും നമ്മളൊക്കെ വാദിക്കുകയും പുതിയ വകുപ്പും വകുപ്പദ്ധ്യക്ഷന്മാരേയും സൃഷ്ടിക്കുന്നതിൽ ഗവമ്മെണ്ടിനെ കുറപ്പെടുത്തുകയും ചെയ്യാറുള്ളതാണല്ലോ. ഒരിക്കൽ ഒരുതരത്തിലും മറെറാരിക്കൽ വേറൊരു തരത്തിലും ഇങ്ങിനെ ആദർശങ്ങൾ സമയവും തരവുമനുസരിച്ചു മാറിപ്പറയുന്നവരോടു സമാധാനം പറയുവാൻ എന്നെപ്പോലെയുള്ളവർക്കു വളരെ ക്ലിഷ്ടമുണ്ടു്. ബഹുമാനപ്പെട്ട നിയമസഭാ സമാജികന്മാരിൽ പല

LIBRARY ARCHIVES Kerala Legislative Assembly

രും പൊതു നിരുപണങ്ങളിൽ ചിലവുകൾ വർദ്ധിപ്പിക്കാതിരിക്കേണ്ട കാര്യത്തെപ്പറ്റി ഇവിടെ ശക്തിയായി വാദിച്ചു കേട്ടു. അങ്ങിനെയുള്ള അവർതന്നെ പഞ്ചായത്തു് ഫെൽത്തിൽനിന്നു വിഭജിച്ചു പ്രത്യേക വകുപ്പായി നിരുത്തണമെന്നു് — ഗവമ്മെണ്ടിന്റെ ഭരണച്ചിലവു് ഒരു പ്രത്യേക കാര്യമില്ലാതെ വർദ്ധിപ്പിക്കണമെന്നു —വാദിക്കുന്നതു കേൾക്കുമ്പോൾ വളരെ അത്ഭുതം തോന്നുന്നുണ്ടു്. പഞ്ചായത്തും ഫെൽത്തും വിഭജിച്ചാൽ വരാവുന്ന അധികച്ചിലവു് എത്രയാണെന്നു ഗവമ്മെണ്ടു് ഇവിടെ പറയുകയുണ്ടായി. എന്നാൽ ആ തുക ശരിയായ തുകയാണെന്നു് എനിക്കു വിശ്വാസമില്ല. ഈ രണ്ടു ഡിപ്പാർട്ടുമെൻറുകളും വിഭജിച്ചാൽ പഞ്ചായത്തുവകുപ്പിനു് എത്ര ചിലവുണ്ടോ അത്രയുംതന്നെ ഒരു ചിലവു് മറ്റവകുപ്പിനും വന്നുകൂടും എന്നാണു് എന്റെ വിശ്വാസം. ഒരുപക്ഷെ ഗവമ്മെണ്ടു പറഞ്ഞ മുപടിപോലെതന്നെ 80000-മോ 90000-മോ ഉറുപ്പിക മാത്രമേ വർദ്ധിക്കുകയുള്ളൂ എന്നു സമ്മതിച്ചാൽതന്നെയും ഒരു പ്രത്യേക ആവശ്യവുമില്ലാതെ ഇങ്ങനെയുള്ള കാര്യങ്ങളിൽ ചിലവു വർദ്ധിപ്പിച്ചു നികുതിദായകന്മാരെ ഉപദ്രവിക്കേണ്ട ആവശ്യമെന്താണു് എന്നു ഞാൻ ചോദിക്കുന്നു? പഞ്ചായത്തു വകുപ്പിന്റെ ഭരണം ശോചനീയമായ നിലയിൽ ആണെങ്കിൽ അതു് ഈ സഭയുടെ ആലോചനയ്ക്കുകൊണ്ടുവന്നു പരിഹരിക്കേണ്ട ചുമതല ബഹുമാനപ്പെട്ട മെമ്പർമാർക്കുണ്ടു്. എന്നാൽ ന്യായരഹിതമായ മാർഗ്ഗങ്ങളിൽ കൂടിയുള്ള ഒരു പ്രവർത്തനം പഞ്ചായത്തു ഡിപ്പാർട്ടുമെണ്ടിൽ ഇതുവരെ നടന്നിട്ടുള്ളതായി ഇവിടെ വെളിപ്പെട്ടിട്ടില്ല; വെളിപ്പെടുത്തിയിട്ടുമില്ല. ഞാൻ പറയുന്നതു് ഇപ്പോഴത്തെ വകുപ്പദ്ധ്യക്ഷനെ കുറിച്ചല്ല. വകുപ്പദ്ധ്യക്ഷന്റെ പേരുതന്നെ ഈ വാദത്തിൽനിന്നു മാറ്റണം. ഡിപ്പാർട്ടുമെണ്ടു വിഭജനത്തിലുള്ള കാര്യമാണു നമ്മൾക്കു് ആലോചിക്കേണ്ടതു്. കൊച്ചീ രാജ്യത്തു് ഇതിനേക്കാൾ ഭാരമേറിയ ഡിപ്പാർട്ടുമെണ്ടുകൾ വേറെയുമുണ്ടു്. ബഹുമാനപ്പെട്ട റവന്യൂ മെമ്പർതന്നെ ഏതു ഡിപ്പാർട്ടുമെണ്ടുകളുടെ അദ്ധ്യക്ഷം വഹിക്കുന്നുവെന്നു ബഡ്ജറ്റു നോക്കിയാൽ അറിയാം. ഇൻകംടാക്സിന്റെ ഭരണംകൂടി അദ്ദേഹം ഒരുവസരത്തിൽ നോക്കീട്ടുണ്ടു്. ആയുർവ്വേദത്തിന്റെ ഭരണവും അദ്ദേഹമാണു വഹിക്കുന്നതു്. ഇതുപോലെ പല ഡിപ്പാർട്ടുമെൻറുകളുടേയും ഭരണം ഒരാൾതന്നെ യാതൊരാക്ഷേപവും കൂടാത്ത നിലയിൽ വഹിച്ചുപോരുന്നുണ്ടു്. അങ്ങിനെയിരിക്കെ പഞ്ചായത്തിന്നുമാത്രം ഒരു ഡിപ്പാർട്ടുമെൻറദ്ധ്യക്ഷൻ വേറെവേണം എന്നുള്ളതിന്റെ അർത്ഥം എനിക്കു മനസ്സിലാകുന്നില്ല. പഞ്ചായത്തിൽ എഞ്ചിനീയറിംഗ് വർക്കുസ് നോക്കാനാണെങ്കിൽ ഒരു അസിസ്റ്റൻറു് എഞ്ചിനീയരുണ്ടു്. എല്ലാഭാഗങ്ങളിലും ആവശ്യമുള്ള ഉദ്യോഗസ്ഥന്മാരുമുണ്ടു്. അവർ അവരുടെ പണികൾ നടത്തുന്നുമുണ്ടു്. ആ സ്ഥിതിക്കു് ഇതു വേറെ ഒരു ഡിപ്പാർട്ടുമെണ്ടായി മാറുകയാണെങ്കിൽ ഗവമ്മെണ്ടിനു് അതു ഉപ്പുഹമായ ഒരു ഭാരമായിത്തീരും. അതുകൊണ്ടു് ഈ കാര്യത്തിൽ ഗവമ്മെണ്ടു വളരെ സൂക്ഷിക്കേണ്ടതാണു്.

LIBRARY ARCHIVES Kerala Legislative Assembly

കാൺഫറൻസിലെ റസല്യൂഷനെപ്പറ്റി ഞാൻ അല്പം പറഞ്ഞു വെങ്കിലും വീണ്ടും ചില മെമ്പർമാർ അതിനെ പ്രത്യേകമെടുത്തു പറഞ്ഞതുകൊണ്ട് ഒന്നുകൂടി വിശദീകരിക്കേണ്ട ആവശ്യമുണ്ടെന്ന് എനിക്കു തോന്നുന്നു. പഞ്ചായത്തിൽ പ്രതിനിധികളെ തിരഞ്ഞെടുത്തയച്ചതു് അവക്കയച്ചു കിട്ടിയ ഒരു കാര്യപരിപാടിവെച്ചുകൊണ്ടാണെന്ന് ഒരു ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രസംഗിക്കുകയുണ്ടായി. അങ്ങിനെ ഒരു കാര്യപരിപാടിയോടുകൂടി തിരഞ്ഞെടുത്തയച്ചിട്ടുള്ള പ്രതിനിധികൾ ആ കാര്യപരിപാടിക്കെതിരായി പ്രവൃത്തിച്ചുവെങ്കിൽ അവരുടെ ആ അനധികൃതമായ നടപടിയെ എതിർക്കേണ്ടതും അതിനെ തിരുത്തേണ്ടതും അവരെ അയച്ച സംഘങ്ങളുടെ കടമയല്ലേ? ഒരു സംശയം എനിക്കിവിടെ പ്രത്യേകം എന്റെ സഹപ്രവർത്തകന്മാരായ മാന്യസാമാജികന്മാരെ അറിയിക്കേണ്ടതുണ്ട്. പൊതുക്കാര്യങ്ങളിൽ വ്യക്തിപരമായ ചിന്തകൾക്കും ഇഷ്ടാനിഷ്ടങ്ങൾക്കും സ്ഥാനം നൽകുന്നതു നാട്ടിന്റെ ക്ഷേമത്തിനോ സാമാജികന്മാരുടെ ഉത്തരവാദത്തിനോ പറ്റിയതല്ല. ഈ ഉപക്ഷേപം വോട്ടിനിടാൻ അപേക്ഷിക്കുന്നതോടുകൂടി വ്യക്തിപരമായ വിചാരങ്ങളേയും ഇഷ്ടാനിഷ്ടങ്ങളേയും മാറ്റിനിറുത്തി പൊതുക്ഷേമത്തേയും പൊതുതാല്പര്യത്തേയും മുൻനിറുത്തി വോട്ടുചെയ്യണമെന്ന സാമാജിക സഹോദരന്മാരോടും ഞാൻ അവശ്യപ്പെട്ടുകൊള്ളുന്നു.

Motion was put and carried.

Mr. M. Sivarama Menon.—A poll, Sir.

POLL.

	Ayes.		
1	Mrs. Meenakshi N. Menon	15	Mr. M. Sivarama Menon
2	Miss G. M. D'Souza	16	Mr. K. S. Manickam
3	Mr. Shabdai S. Koder	17	Mr. M. V. Cherian
4	Mr. H. J. Walmesley	18	Mr. P. J. Alexandar
5	Mr. C. P. Lonappan	19	Mr. A. V. Moothedan
6	Mr. George Parakkal	20	Mr. A. Narayana Menon
7	Mr. K. Ayyappan	21	Mr. P. Sankunni Menon
8	Mr. K. M. Kunhi Moideen	22	Mr. P. C. Varkey
9	Mr. T. C. Iyyukkutty	23	Mr. M. A. Sankunny
10	Mr. K. M. Ibrahim	24	Mr. V. S. Krishnan Vaidyiar
11	Mr. K. S. Panickar	25	Mr. V. K. Aravindaksha Menon
12	Mr. K. Kunhirama Menon	26	Rama Varmha Tampuran
13	Mr. V. K. Kutty	27	Mr. K. Krishna Warriar
14	Mr. K. Ashtamoorthi Nam-boodiripad	28	Mr. K. Narayana Menon
		29	Mr. M. P. Cherian
		30	Mr. T. Narayana Menon

LIBRARY ARCHIVES Kerala Legislative Assembly

31	Dr. E. S. R. Menon	**Noes**	
32	Mr. A. L. Devassy	1	Mr. C. R. Iyyunni
33	Mr. Thomas Manjuran	2	Mr. P. Kumaran Ezhuthassan
34	Dr. D. Raghavendra Rao	3	Mr. T. K. Nayar
35	Mr. P. V. Subramania Ayyar	4	Mr. P. Govinda Menon
36	Mr. K. Achyuta Menon	5	Mr. E. Ikkanda Warriar
37	Mr. T. S. Narayana Ayyar	6	Mr. P. Rama Menon

Neutral.

1 Mr. A. Eachara Menon
2 Mr. T. A. Ramachandra Ayyar

Motion No. 74.

* **Mr. C. P. Lonappan.**—"*To reduce the allotment of Rs. 1,43,359 for sanitation and conservancy by Re. 1. To bring to the notice of the Government the hardship felt by the tile factory owners by the imposition of new license fees and the need for giving them relief by a substantial reduction of these fees*".

സർ, ഫാക്ടറികൾക്ക ക്ടുതലായ നികുതി ചുമത്തുന്നതുകൊണ്ടുള്ള വിഷമങ്ങളെക്കുറിച്ചു പറയുവാനാണു ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചിരിക്കുന്നതു്. ഇപ്പോഴത്തെ ഹെൽത്തു ഡിപ്പാർട്ടുമെണ്ടു തുടങ്ങിയതിനശേഷം ടെയിൽ ഫാക്ടറി മുതലായവയ്ക്കു മുമ്പില്ലാത്ത ചില നികുതികൾ ചുമത്തുന്നുണ്ടു്. ടെയിൽ ഫാക്ടറിയിൽ എഞ്ചിൻ വക്കുള്ളവയ്ക്കു ര0, ര൧ ഉറുപ്പികയും എഞ്ചിൻ ഇല്ലാത്തവയ്ക്കു ൫0 ഉറുപ്പികയും നികുതി ചുമത്തുന്നുണ്ടെന്നാണറിയുന്നതു്. ഇതു കൂടാതെ ഓട്ടണ്ടാക്കുന്നതിനും മറും ആവശ്യമായ മണ്ണു് എടുത്തുവരുന്ന സ്ഥലത്തിനു് ഏക്കർ ഒന്നക്കു് ഒരു സംഖ്യ നികുതിയായി കൊടുക്കണമെന്നു് ഒരു നിയമമുണ്ടായിരുന്നതു് ഇപ്പോൾ വ്യത്യാസപ്പെടുത്തി വണ്ടി ഒന്നക്കു് ഇത്രവീതം കൊടുക്കണമെന്നു് ഒരു നിശ്ചയമുണ്ടാക്കീട്ടുണ്ടു്. ഇപ്പോഴത്തെ കച്ചവടമാന്ദ്യത്താലും മറും രണ്ടു മൂന്നു കൊല്ലമായിട്ട കമ്പനികളിൽ ഉണ്ടാക്കുന്ന ഓട്ട ചിലവാക്കുവാൻ വളരെ പ്രയാസം നേരിട്ടിട്ടുണ്ടു്. കൂടാതെ കമ്പനികൾ അധികരിച്ചിട്ടുള്ളതിനാൽ അവതമ്മിലുള്ള മത്സരംമൂലം ഓട്ടകളുടെ വിലയും വളരെ കുറവായിട്ടുണ്ടു്. ഇങ്ങനെയുള്ള കാരണത്താൽ ഇപ്പോഴത്തെ നിരക്കനുസരിച്ചു ലൈസൻസു ഫീസു ചുമത്തുന്നതു വളരെ സങ്കടകരമാണു്. അതുകൊണ്ടു പേരിനുമാത്രം ഒരു നികുതി ചുമത്തി എന്നു വരുത്തുവാൻവേണ്ടി അഞ്ചു ഉറുപ്പികയോ മറോ ആക്കി കുറച്ചാൽ കൊള്ളാമെന്നാണു് എനിക്കു പറയുവാനുള്ളതു്.

* * Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

* മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ.—ഇപ്പോൾ പുതുക്കാട്, ഒല്ലൂർ എന്നീ രണ്ടു പ്രദേശങ്ങളിൽ മാത്രം ൨൭ ഓട്ടകമ്പനികൾ കൂടുതൽ ഉണ്ട്. അതിൽനിന്നു ൪൦൦൦ കുടുംബങ്ങൾക്കു രക്ഷകിട്ടുന്നുണ്ട്. ആ അയ്യായിരം കുടുംബങ്ങളിലെ അംഗങ്ങൾക്കും ആ കമ്പനികളിൽ ജോലി കൊടുത്തുവരുന്നുണ്ട്. ഈ ക്ഷാമകാലത്തു ജോലിയില്ലാതെ ജനങ്ങൾ അലഞ്ഞുനടക്കുന്ന സ്ഥിതിക്ക് അവർക്കു ജോലി കൊടുക്കുവാനാണു ഗവമ്മെണ്ടു് ഉത്സാഹിക്കേണ്ടതു്. എന്നാൽ ഇപ്പോൾ ഗവമ്മെണ്ടിന്റെ പ്രവൃത്തി ആ കമ്പനികളെല്ലാം പൂട്ടി ഇട്ടിട്ടു് ജനങ്ങൾക്കു യാതൊരു ജോലിയും ഇല്ലാതെ ആക്കുവാനുള്ള ശ്രമമാണു്. ഇപ്പോൾ രണ്ടു ഇനം ലൈസൻസുഫീസു് പിരിക്കുന്നുണ്ട്. രണ്ടു ലക്ഷമോ മൂന്നു ലക്ഷമോ മുതലിറക്കീട്ടുള്ള കമ്പനികൾക്കും അഞ്ഞൂറോ, അറുന്നൂറോമാത്രം മുതലിറക്കീട്ടുള്ള കമ്പനികൾക്കും ഒരേ ലൈസൻസു ഫീസാണു നിശ്ചയിച്ചിരിക്കുന്നതു്. ഇതു വളരെ കഷ്ടമായ ഒരു കാര്യമാണു്. ലൈസൻസു ഫീസു് ക്രമാതെ ഇതിന്റെ അവതാരകൻ പറഞ്ഞ മാതിരി മണ്ണെടുക്കുന്ന കാര്യത്തിലും ഇപ്പോൾ കൂടുതൽ സംഖ്യ പിരിച്ചു വരുന്നുണ്ടു്. മുമ്പു് ഒരു ഏക്കറിനു് ഇത്ര വീതം എന്നു നിശ്ചയിച്ചിരുന്നു. എന്നാൽ ഇപ്പോൾ വണ്ടി കണക്കാക്കി അതിന്റെ നാലിരട്ടിയോ അഞ്ചിരട്ടിയോ സംഖ്യ പിരിച്ചു വരുന്നുണ്ടു്. പിന്നെ ഈ കമ്പനികൾക്കെല്ലാം വിറകു ധാരാളം ആവശ്യമുണ്ടു്. അതിനും വളരെ ക്ഷാമം ബാധിച്ചിരിക്കുന്നു. വളരെ അകലെ പോയിട്ടാണു് അവർ വിറകു ശേഖരിച്ചുകൊണ്ടു വരുന്നതു്. ആവകയ്ക്കും ചിലവു വളരെ അധികമാകുന്നുണ്ടു്. ഇങ്ങനെ എല്ലാ കമ്പനികളും വളരെ നഷ്ടംസഹിച്ചാണു നടത്തിപ്പോരുന്നതു്. ഇതിനിടയ്ക്കു പുതിയ കമ്പനികളുംകൂടി ഏർപ്പെടുത്തി ജനങ്ങൾക്കു് ജോലികൊടുക്കുവാനുള്ള ഉത്സാഹം ഗവമ്മെണ്ടിനുള്ളതായി കാണ്മാനുണ്ടു്. അതിനു മുമ്പു് ഇപ്പോഴുള്ള കമ്പനികളുടെ കഷ്ടതകളെ പരിഹരിച്ചു് അവയെ പൂട്ടിഇടാതിരിക്കാനുള്ള ശ്രമമാണു ഗവമ്മെണ്ടു ചെയ്യേണ്ടതു്. ഇതേനിലയിൽതന്നെ നടന്നുപോകുകയാണെങ്കിൽ രണ്ടു മൂന്നു കൊല്ലങ്ങൾക്കുള്ളിൽ വളരെ ഓട്ടകമ്പനികൾ പൂട്ടി ഇടേണ്ടതായി വരുന്നതാണു്. ഗവമ്മെണ്ടിനോടു വേറെയുള്ള സഹായങ്ങളൊന്നും ആവശ്യപ്പെടുന്നില്ല. ലൈസൻസു ഫീസു കൊടുക്കുവാൻ പ്രയാസമുള്ള കമ്പനികൾക്കു് അതു കുറച്ചു കൊടുക്കണമെന്നാണാവശ്യപ്പെടുന്നതു്. അതിലേയ്ക്കു് ആദായമനുസരിച്ചോ മറ്റോ ലൈസൻസു ഫീസു തീർച്ചയാക്കുവാനുള്ള അധികാരം കൊടുത്തു കമ്പനികൾ പൂട്ടുവാനിടവരാതെ സഹായിക്കണമെന്നാണു് ഞാൻ പറയുന്നതു്.

ഡാക്ടർ ഇ. എസ്. ആർ. മേനോൻ.—ലൈസൻസു ഫീസു് മുമ്പു് നാം ഉരുപ്പിക ഉണ്ടായിരുന്നതു് ഈ കൊല്ലം ൧൭ ഉരുപ്പിക ആക്കീട്ടുണ്ടു്. കമ്പനി എന്ന പേരുമാത്രം ഉള്ളവയ്ക്കു് ഈ കൊല്ലം ൨ ഉരുപ്പികയാണു പിരിച്ചിട്ടുള്ളതു്. ലൈസൻസു് ഫീസിനെപ്പറ്റി മെമ്പർമാർ ആവശ്യ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

പ്പെട്ട സംഗതികളെക്കുറിച്ച് അഡൈ്വസറി കമ്മിറ്റിയിൽ ആലോചനയ്ക്ക് എടുക്കുന്നതാണ്.

Mr. K. Achyuta Menon.—Sir, one word with regard to the tax on clay, because it is suggested that it is a new tax. Under Article 113 of the Land Revenue Manual, where it is for commercial purposes for making tiles, bricks, etc., we charge at the rate of Rs. 1¼ per acre. Then follows another section that in cases of quarrying on a large scale for commercial purposes, the Tahsildar should not grant permission without obtaining the previous sanction of the Diwan Peishkar who, in his discretion, may charge seigniorage rates. The first thing, therefore, is whoever proposes to do quarrying on a large scale for commercial purposes the Diwan Peishkar is bound to or may collect the seigniorage fees. So, it is a matter of discretion and the argument can only be that the discretion is wrongly exercised. It cannot be said that the impost is illegal. It cannot be said that for the first time seigniorage fees are being collected now.

When I entered the Department, there was no uniform practice. I said that the Land Revenue Manual has to be obeyed and that it is not a thing to be disobeyed. I said therefore that where the Tahsildar thinks that quarrying is conducted on a large scale for commercial purposes, he should report to me and I will levy seigniorage fees so long as that provision exists in the Land Revenue Manual, wherever a case exists for charging seigniorage rates.

Mr. M. Sivarama Menon.—Even there, the question of discretion may arise.

Mr. K. Achyuta Menon.—That is inevitable.

Mr. M. Sivarama Menon.—Is the word 'cart-load' defined any where?

Mr. K. Achyuta Menon.—No. But everyone knows what is meant by a cart-load, as when we speak of a cart-load of fuel.

മിസ്റ്റർ സി. പി. ലോനപ്പൻ.— ലൈസൻസു ഫീസിനെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട ഡിപ്പാർട്ടുമെൻറദ്ധ്യക്ഷൻ പറഞ്ഞതിൽനിന്ന് അതു് ഒരു വലിയ കട്ടപ്പുമായ കാര്യമായി എനിക്കു തോന്നുന്നില്ല. മണ്ണെടുക്കുന്ന കാര്യത്തിന് ഇപ്പോൾ വാങ്ങിവരുന്ന നികുതി കുലാവസ്ഥക്കു തീരെ യോജിക്കാത്തതാണ്.

LIBRARY ARCHIVES Kerala Legislative Assembly

Mr. K. Achuyta Menon.—On a point of information, petitions came to me from several parts and recommendations were made but the Government have stuck to the Land Revenue Manual. So, it has not escaped the attention of the Department.

മിസ്റ്റർ സി. പി. ലോനപ്പൻ.— ഇതിലേയ്ക്കു ഗവൺമെൻറ് എ ന്തെങ്കിലും ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

Dr. E. S. R. Menon.—As far as license fees are concerned, it will be considered.

Mr. K. Achyuta Menon.—I may say that there are some tile factories which have got a concession in their favour, namely, those at Edakkunni and Ollur. They are being charged only at acreage rates. If that rate is adopted with regard to others also, I do not know what will happen. I am only saying that it is not possible to take away that provision from the Land Revenue Manual, but discriminatory action in favour of particular factories might possibly be thought of, if a proper case is made.

മിസ്റ്റർ സി. പി. ലോനപ്പൻ— എന്തിനെ അടിസ്ഥാനപ്പെടുത്തി യാണ് ഈ ഇളവുചെയ്തു കൊടുത്തിരിക്കുന്നതു്?

Mr. K. Achyuta Menon.—They said that by their quarrying they were only improving the lands there on the side of the river. Some reason was alleged which found favour and the reduction was made.

Motion was, by leave, withdrawn.

Motion No. 75.

Mr. A. Eachara Menon.—"*To reduce the allotment of Rs. 1,17,674 for Public Health by Re. 1. To impress upon the Government the necessity to have a health centre at Nalleppilli, Chittur.*"

Nalleppilli is a very thickly populated place. It is situated 3½ miles away from the hospital. I understand that the Government have an idea to take away the health centre from Nemmara, and it was suggested by my colleague, Mr. Viswanathan Chettiar, that it should be shifted to Nanniode, a place ill suited to these young women. Nanniode is in the malarial tract. The houses are situated far away from one another. They are farm-steads. The place is not suited for a health centre. If the Government consider the removal of the

LIBRARY ARCHIVES Kerala Legislative Assembly

health centre from Nemmara to Nalleppilli, it will of very great use to the people of Nalleppilli, where there will be, I think, 6 to 8 thousand people. I request that the Government will be pleased to consider this question.

Dr. E. S. R. Menon.—The Government cannot promise that it will be shifted from Nemmara to Nalleppilli. When the whole scheme is worked out, they will be opening minor health centres also, one at Nalleppilli and one at Narakkal.

Motion was, by leave, withdrawn.

Motion No. 76.

Mr. A. Narayana Menon.—"*To reduce the allotment of Rs. 1,17,674 for Public Health by Re. 1. To urge the necessity of abating the nuisance caused by the Kalur Night Soil Depot and to point out the necessity of closing it from further use.*"

Sir, this subject had come up before this House during the last budget session. I pointed out then the inconvenience caused by the existence of this Depot at Kalur and I do not think that I need elaborate much upon the subject. It is a standing menace to the comforts of the people of the place. It stands abutting 4 public roads and it is in the vicinity of the town of Ernakulam; more than that, it is in a crowded part of the village. It is high time that it is removed. At the last Budget session some hope was extended to me to the effect that within one year they would find out some means of abating this nuisance. But absolutely nothing has been done and the so-called Indore method has failed. It is the duty of the Ernakulam Municipality to find out some other place to which to remove the night-soil of the town and not to have it dumped in a crowded part of my constituency. With these few words, I commend this motion to the acceptance of the House.

Mr. M. P. Cherian.—Sir, Government are very anxious to remove this difficulty. They fully endorse the opinion of the Hon'ble Member. Now, we understand that there is a system followed in Quilon to remedy this evil and we are deputing one of the Municipal Officers to study that. It was reported by one of the Municipal Councillors that the system at Quilon was working very satisfactorily. We are not neglecting this question. But we are trying to find out some means to remedy this evil.

Mr. A. Narayana Menon.—The attempt appears to be to put off the thing as far as possible. I shall suggest one other

LIBRARY ARCHIVES Kerala Legislative Assembly

remedy also. During Diwan Mr. Narayana Ayyar's time, the Ernakulam Municipality suggested the acquisition of some wet lands in the uninhabited area situated to the east of the toll-gate that stands on the Hill Palace road and to have that place used as the night-soil depot of the town. The acquisition charges will not be high, and if the property over which the present Depot stands is sold, the price fetched would be sufficient to acquire a plot in the place indicated by the Municipality. The Ernakulam Municipality may go in for a loan even for the purpose instead of casuing an eternal continuance nuisance to the public. With these few words, since the Government appear to be sympathetic in the matter, I beg leave of the House to withdraw the motion.

Motion was, by leave, withdrawn.

The Demand of Rs. 1,17,674 less Re. 1—under Public Health was put and carried.

17—Vaccination—Cranganur—Rs. 1,060.

Demand put and carried.

18—Sanitation and Conservancy—Cranganur Rs. 5,012.

Demand put and carried.

17—Law and Justice—Rs. 1,86,829.

Mr. Thomas Manjuran.—I rise to move for an allotment of Rs. 1,86,829 under 17—Law and Justice. There are several cut motions and therefore, I do not intend to make any speech at this stage. I request that the House will be pleased to grant the amount.

Mr. K. M. Ibrahim.—Sir, I may be permitted to move the three cut motions tabled by me under the head all together.

Deputy President.—Yes.

Motion No. 77.

Mr. K. M. Ibrahim.—*(1) "To reduce the allotment of Rs. 5,503 for Law Department by Re. 1. The desirability of working out the following resolution moved by the Hon'ble Member Mr. T. K. Nayar and carried by the Legislative Council at its sitting on Tuesday the 20th February 1934 (about 2½ years ago):- "This Council recommends to the Government to formulate a*

LIBRARY ARCHIVES Kerala Legislative Assembly